# കേരള ബജറ്റ്: കുതിച്ച് ഉയർന്ന് വ്യവസായവും.



എസ്. ഹരി കിഷോർ ഐ.എ.എസ്

സംസ്ഥാനത്തിന്റെ വ്യവസായ കുതിപ്പിന് കൂടുതൽ ഉണർവേകുന്നതാണ് 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ്. കേരളത്തിൽ വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഗ്രാമീണ ചെറുകിട വ്യവസായങ്ങൾ കൂടുതൽ ശക്തമാക്കാനുമുള്ള നിരവധി പദ്ധതികളാണ് ബഹു. ധനകാര്യവകുപ്പ് മന്ത്രി കെ.എൻ ബാലഗോപാൽ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ അവതരിപ്പിച്ചത്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.), കിൻഫ്ര, കേരള റബർ ലിമിറ്റഡ്, ബി.പി.ഇ., ബി.പി.ടി. തുടങ്ങിയ സ്ഥാപനങ്ങളുടെ ഇടത്തരം വൻകിട വ്യവസായങ്ങളുടെ പദ്ധതികളും ബജറ്റിൽ പരിഗണിക്കപ്പെട്ടു. ഇതിനൊപ്പം തന്നെ പ്ലാന്റേഷൻ മേഖലയ്ക്കും പരമ്പരാഗത വ്യവസായ മേഖലയ്ക്കും സർക്കാരിന്റെ കരുതൽ ബജറ്റിൽ ഉറപ്പുവരുത്തിയിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ വ്യവസായങ്ങൾക്കും ധാതുക്കൾക്കുമായി 1729.13 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ ഇടത്തരം വൻകിട വ്യവസായങ്ങൾക്കായി 773.09 കോടി രൂപയും ഗ്രാമ ചെറുകിട വ്യവസായങ്ങൾക്കായി 443.33 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ 2000 യൂണിറ്റുകളെ ലക്ഷ്യമാക്കിയുള്ള സംരംഭക സഹായ പദ്ധതിക്ക് അനുവദിച്ച 58.50 കോടി രൂപയും നിലവിലുള്ള സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തുന്ന പദ്ധതിയ്ക്ക് അനുവദിച്ച 5 കോടി രൂപയും ഇതിൽ ഉൾപ്പെടുന്നു.

കശുവണ്ടി മേഖലയ്ക്ക് 53.36 കോടി വകയിരുത്തിയതിനൊപ്പം കൈത്തറി യന്ത്രത്തറി വ്യവസായ മേഖലയ്ക്കായി 51.89 കോടി രൂപയും കയർ മേഖലയ്ക്കായി 107.64 കോടി രൂപയും അനുവദിച്ചിരിക്കുന്നു. ഖാദിഗ്രാമ വ്യവസായത്തിനായി 14.80 കോടി രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

കിൻഫ്രയ്ക്ക് അനുവദിച്ച 324.31 കോടി രൂപയിൽ പെട്രോ കെമിക്കൽ പാർക്കിന്റെ വിവിധ അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾക്ക് മാത്രമായി 13 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മാത്രമല്ല, സംസ്ഥാനത്തെ എം.എസ്.എം.ഇ. മേഖലയിലെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാൻ സ്ഥിരം സൗകര്യം ഒരുക്കുന്നതിനായി എറണാകുളത്ത് കാക്കനാട് കിൻഫ്ര എക്സിബിഷൻ സെന്ററിന് 12.50 കോടി രൂപയും കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴിക്കായി 200 കോടി രൂപയും 11 വ്യവസായ പാർക്കുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനായി 30.60 കോടി രൂപയും കിൻഫ്രയ്ക്ക് അനുവദിച്ച തുകയിൽ ഉൾപ്പെടുന്നു.

സംസ്ഥാനത്തെ വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനും നിക്ഷേപങ്ങൾ സുഗമമാക്കുന്നതിനുമുള്ള വിവിധ പദ്ധതികൾക്കായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡിന് (കെ.എസ്.ഐ.ഡി.സി.) മാത്രം ബജറ്റിൽ 127.50 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മുൻ വർഷത്തെ അപേക്ഷിച്ച് ഇത് കൂടുതലാണ്. കെഎസ്ഐഡിസിയ്ക്ക് ഈ സാമ്പത്തിക വർഷം അനുവദിച്ച 127.50 കോടി രൂപയിൽ സംസ്ഥാനത്തേക്ക് നിക്ഷേപം ആകർഷിക്കുന്നതിനുള്ള നിക്ഷേപ പ്രോത്സാഹന പ്രവർത്തനങ്ങൾക്ക് 22 കോടി രൂപയും സ്റ്റാർട്ടപ്പ് സപ്പോർട്ട് ഉദ്യമങ്ങൾക്കായുള്ള 'ഇന്നോവേഷൻ ആക്സിലറേഷൻ' പദ്ധതിയ്ക്ക് ആറ് കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ വനിതാ സംരംഭകർക്കും എം.എസ്.എം.ഇ.കൾക്കും സ്റ്റാർട്ടപ്പുകൾക്കും കൂടുതൽ പ്രയോജനമാകുന്നതാണ് ബജറ്റ്. വനിതാ സംരംഭകർക്ക് സംരംഭങ്ങൾ വിപുലീകരിക്കുന്ന പദ്ധതിയ്ക്കായി കെ.എസ്.ഐ.ഡി.സി.യ്ക്ക് രണ്ടര കോടി രൂപയാണ് പ്രഖ്യാപിച്ചിട്ടുള്ളത്. മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതിയിൽ എം.എസ്.എം.ഇ.കൾക്കും

















സ്റ്റാർട്ടപ്പുകൾക്കും പലിശ ഇളവ് നൽകുന്നതിനായി ഒൻപത് കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കോവിഡിന്റെ പ്രതിബന്ധങ്ങളെ മറികടക്കാൻ പ്രഖ്യാപിച്ച കോവിഡ്19 സമാശ്വാസ പദ്ധതിയ്ക്ക് ബജറ്റിൽ നാല് കോടി രൂപ പ്രഖ്യാപിച്ചത് കൂടുതൽ ആശ്വാസം പകരുന്നു. 2023 ലെ കേരള ഇൻഡസ്ട്രിയൽ പോളിസിയുടെ ഭാഗമായി സംരംഭകർക്ക് സ്ഥിര മൂലധന നിക്ഷേപ സബ്സിഡി, ഇലക്ട്രിസിറ്റി ഡ്യൂട്ടി ഇളവ്, സ്റ്റാമ്പ് ഡ്യൂട്ടി/രജിസ്ട്രേഷൻ ചാർജ് ഒഴിവാക്കൽ തുടങ്ങിയ വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി 20 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കെഎസ്ഐഡിസിയുടെ ഇൻഡസ്ട്രിയൽ പാർക്കുകൾക്ക് 14 കോടി രൂപയും വ്യാവസായിക വളർച്ചാ കേന്ദ്രങ്ങൾക്ക് ഒൻപത് കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. തിരുവനന്തപുരം ലൈഫ് സയൻസ് പാർക്കിന്റെ വിവിധ നിർമാണ പ്രവർത്തനങ്ങൾക്ക് 15 കോടി രൂപയും മെഡിക്കൽ ഡിവൈസ് പാർക്കിന് 20 കോടി രൂപയും ഉൾപ്പടെ ലൈഫ് സയൻസ് പാർക്കിന് 35 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

ഭാവികേരളത്തിൽ വ്യവസായ വകുപ്പിന്റെ പങ്ക് എത്രമാത്രം വലുതാണെന്ന യാഥാർത്ഥ്യബോധം ഉൾക്കൊള്ളുന്നതാണ് ഇത്തവണത്തെ ബജറ്റ്. സംസ്ഥാനത്ത് വ്യവസായ സൗഹൃദമായ അന്തരീക്ഷം സൃഷ്ടിക്കാൻ സർക്കാരിന് കഴിഞ്ഞിരിക്കുന്നു. അന്താരാഷ്ട്ര തലത്തിലുള്ള വൻകിട കമ്പനികളും കേരളത്തിൽ അവരുടെ നിർമാണ ശാലകൾ ആരംഭിക്കാൻ കടന്നുവരുന്നു. ഉയർന്ന വളർച്ചാ സാധ്യതകളുള്ള 22 മേഖലകളിൽ നിക്ഷേപം, നവീകരണം, ഉൽപാദനം എന്നിവ വർധിപ്പിക്കുന്നതിനായി 'മേക്ക് ഇൻ കേരള' പദ്ധതി ആവിഷ്ക്കരിച്ചതും കേരളത്തിലെ വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുന്നതിന് കാരണമായിട്ടുണ്ട്.

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഊന്നൽ നൽകുന്നതോടൊപ്പം പരിസ്ഥിതി സൗഹൃദവും സ്ഥായിയുമായ സാമ്പത്തിക വളർച്ച കൈവരിച്ച് നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റുക എന്നതാണ് ഇനി സർക്കാരിന്റെ ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കാൻ കൃത്യമായ ആസൂത്രണത്തിന്റെ പിൻബലത്തോടെ പുതിയ പദ്ധതികളും അവയ്ക്ക് വകയിരുത്തലുകളും ബജറ്റിൽ പ്രഖ്യാപിച്ചത് വലിയൊരു നേട്ടമാണ്. കേരളത്തിന്റെ വ്യാവസായിക സാമ്പത്തിക വികസനത്തിന് ഊന്നൽ നൽകി ബഹു. ധനവകുപ്പ് മന്ത്രി അവതരിപ്പിച്ച ബജറ്റ് 'നിക്ഷേപ സൗഹൃദ കേരളം' എന്ന ലക്ഷ്യത്തിന് കൂടുതൽ കരുത്ത് പകരുകയും കേരളത്തിന്റെ വ്യവസായ മേഖല കൂടുതൽ ഉണർവോടെ മുന്നേറാൻ സഹായിക്കുകയും ചെയ്യുന്നതാണ്.■

**വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ആന്റ് കെ.എസ്.ഐ.ഡി.സി. എം.ഡി. ആണ് ലേഖകൻ**

